പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1964 — 14.08.2017 ൽ മറുപടിയ്ക്ക്

## റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ജെ.ജോസഫ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) റേഷൻ സാധനങ്ങളുടെ വാതിൽ പ്പടി വിതരണം ഏതൊക്കെ ജില്ലകളിൽ പൂർത്തീകരിച്ചു എന്നറിയിക്കാമോ; ഇനി എത്ര ജില്ലകളിൽ വാതിൽപ്പടി വിതരണം പൂർത്തീകരിക്കാനുണ്ട്; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രത നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം സംസ്ഥാനത്തെ 14 ജില്ലകളിലും പൂർണ്ണമായ നിലയിൽ നടന്നു വരുന്നു. |
| (ബി) റേഷൻ കടകളിൽ വ്യാപാരികൾക്ക് അനുവദിച്ച അളവിൽ ഭക്ഷ്യ ധാന്യങ്ങൾ കിട്ടുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയി ക്കാമോ; | (ബി) റേഷൻ വ്യാപാരികൾക്ക് അതാതു താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും നിശ്ചയിക്കുന്ന അളവിൽ ഭക്ഷ്യ ധാന്യങ്ങൾ, സപ്ലൈകോ NFSA ഡിപ്പോകളിൽ നിന്നും റേഷൻ കടകളിലേക്ക് എത്തിച്ചു കൊടുക്കുന്നു. ഭക്ഷ്യധാന്യങ്ങളുടെ തൂക്കം ഉറപ്പാക്കുവാൻ റേഷൻ വ്യാപാരികളുടെ സാന്നിദ്ധ്യം അനുവദിച്ചിട്ടുണ്ട്. |
| (സി) റേഷൻ സാധനങ്ങൾ ഉപഭോക്താ ക്കൾക്ക് അനുവദനീയമായ അളവിൽ കിട്ടുന്നുവെന്ന് ഉറപ്പ വരുത്തുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (സി) ഉപഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങളുടെ അളവ്, വില എന്നിവ സംബന്ധിച്ച് ഓരോ മാസവും മാധ്യമങ്ങൾ മുഖേന അറിയിപ്പ് നൽകുകയും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ റേഷൻ കടകളിലും ഇതു സംബന്ധിച്ചുള്ള ബോർഡ് പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റേഷൻ സാധനങ്ങൾ ഉപഭോക്താക്കൾക്ക് അനുവദനീയമായ അളവിൽ കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ പരിശോധനകൾ നടത്തുകയും ലഭ്യമാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നുമുണ്ട്. |
| (ഡി) റേഷൻ സാധനങ്ങൾ വാങ്ങാത്ത ഉപഭോക്താക്കളുടെ ഭക്ഷ്യധാന്യ വിഹിതം എതു തരത്തിൽ വിനിയോഗിക്കാനാണ് ഉദ്ദേശിക്കു ന്നത് എന്ന് അറിയിക്കാമോ? | (ഡി) ഒരു ഉപഭോക്താവ് ടിയാന്റെ വിഹിതം വാങ്ങിയില്ലെങ്കിൽ തുടർമാസം പ്രസ്തുത റേഷൻകടയ്ക്ക് നൽകുന്ന വിഹിതത്തിൽ നിന്ന് പ്രസ്തുത നീക്കിബാക്കി കുറച്ചായിരിക്കും അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ